**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5864** **16-03-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ എഗ്രിമെന്റ് പ്രകാരം നെല്ല് സംഭരണം നടത്തുന്ന മില്ലുകൾ നെല്ല് സംഭരിച്ച് അവരുടെ സ്വന്തം ബ്രാൻഡിൽ വിദേശത്തേക്ക് എക്സ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും സപ്ലൈകോ എഗ്രിമെന്റിന് വിരുദ്ധമായി നടക്കുന്ന പ്രസ്തുത ക്രമക്കേട് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | സപ്ലൈകോയും മില്ലുകളും തമ്മിൽ ഉണ്ടാക്കിയ കരാർ വ്യവസ്ഥ പ്രകാരം കരാറിൽ ഏർപ്പെട്ട മില്ലുകൾക്ക് സ്വന്തം ബ്രാൻറിൽ അരി വിൽക്കുന്നതിനോ അതിനായി നെല്ല് സ്വന്തമായി സംഭരിക്കുന്നതിനോ, അരി വിദേശത്തേയ്ക്ക് കയറ്റി അയക്കുന്നതിനോ തടസ്സമില്ല. എന്നാൽ കരാറിലെ 21-ാം വ്യവസ്ഥ പ്രകാരം ചുവടെ ചേർക്കുംവിധം സൂചിപ്പിച്ചിട്ടുണ്ട്.<br><br>“രണ്ടാം കക്ഷി /മില്ലുടമ, ഒന്നാം കക്ഷി ഏൽപ്പിച്ച നെല്ല് സംസ്കരിക്കുന്നതി നാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതും മുഴവൻ ശേഷിയും ഉപയോഗിച്ച് പട്ടിക നാലിൽ വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ മില്ലിംഗ് പൂർണ്ണമായും പ്രയോജനപ്പെടുത്താ നാവശ്യമായ നെല്ല് നൽകുന്നിട ത്തോളംകാലം മില്ലിൽ മറ്റ് നെല്ല് കുത്താൻപാടില്ലാത്തതും ആകുന്നു. ഒന്നാംകക്ഷി/ സപ്ലൈകോ നിർദ്ദേശിക്കുന്ന പ്രകാരം പ്രതിമാസാടിസ്ഥാനത്തിന് ആനുപാതികമായി അരി നൽകേണ്ടതു മാണ്. കരാർ കാലാവധിയിൽ ഒന്നാം കക്ഷി/സപ്ലൈകോ, മില്ലിംഗ് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നെല്ല് നൽകാൻ സാധിക്കാതെ വന്നാൽ ഒന്നാംകക്ഷി/ സപ്ലൈകോയുടെ അനുമതി യോടുകൂടി വേറെ നെല്ല് സംഭരിച്ച് സംസ്കരിച്ച് രണ്ടാംകക്ഷി/മില്ലുടമയ്ക്ക്, അരി ആക്കാവുന്നതാണ്. എന്നാൽ ടി അരിയെ സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ മില്ലുടമ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ടി നെല്ലും കുത്തിയെടുത്ത അരിയും ഗുണവും അളവും ഉറപ്പാക്കി സപ്ലൈകോ അരിയിൽനിന്നും വേർതിരിച്ച് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. മില്ലിലെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | രണ്ടാം കക്ഷി/മില്ലുടമ, ടെക്നിക്കൽ ബിഡിൽ വാഗ്ദാനം ചെയ്തതുപോലെ ആയിരിക്കേണ്ട താണ്". <br><br> മുകളിലെ വ്യവസ്ഥ പ്രകാരം സപ്ലൈകോ നെല്ല് സംഭരിച്ച് സംസ്കരിക്കുന്ന വേളയിൽ മറ്റ് നെല്ല് സംസ്കരിക്കുന്നതിന് സപ്ലൈകോയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. |
| (ബി) | പ്രസ്തുത മില്ലുകൾ തമിഴ്നാട്ടിൽ നിന്ന് ഗുണനിലവാരം കുറഞ്ഞ വെള്ള അരി എത്തിച്ച് റെഡ് ഓക്സൈഡ് കൂട്ടിക്കലർത്തി പാലക്കാടൻ മട്ട എന്ന ബ്രാൻഡിൽ ഉദ്യോഗസ്ഥരുടെ അറിവോടെ സപ്ലൈകോയ്ക്ക് തിരിച്ചു നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | അരിയിൽ നിറം കലർത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതേ തുടർന്ന് മില്ലുകളിൽ നിന്നും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻകടകളിൽ നിന്നും Random അടിസ്ഥാനത്തിൽ അരിയുടെ സാമ്പിളുകൾ എടുത്ത് ലാബിൽ പരിശോധിച്ചതിൽ നിന്നും ഇത്തരത്തിൽ നിറം ചേർക്കുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. FCI - QC wing ഗുണനിലവാര പരിശോധനയും ഇതോടൊപ്പം നടത്തുന്നുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | **ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ